(ബി) ദൈനംദിന ആവശ്യങ്ങൾക്ക് പുറമേ വിലപിടിപ്പുള്ള ഔഷധങ്ങൾ സൂക്ഷിക്കുവാൻ ഇതുമൂലം കഴിയുന്നില്ലാ എന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വൈദ്യുതി കണക്ഷൻ നൽകാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) കണക്ഷനുള്ള അപേക്ഷ ലഭിച്ചത് എപ്പോഴാണെന്ന് അറിയിക്കാമോ ;

(ഇ) ആശുപത്രിക്ക് കണക്ഷൻ എപ്പോൾ നൽകുമെന്ന് പറയാമോ ?

ഉത്തരം

(എ—ഇ) 28-12-2005-ൽ അപേക്ഷ സമർപ്പിക്കുകയും 4-1-2006-ൽ ഒ.വൈ.ഇ.സി. അടയ്ക്കുകയും ചെയ്ത ഈ കണക്ഷൻ 21-1-2006-ൽ നൽകിയിട്ടുണ്ട്.

വൈദ്യുതി കണക്ഷനുവേണ്ടി കാത്തിരിക്കുന്നവരുടെ എണ്ണം

85 [1207] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വിവിധ സെക്ഷനുകളുടെ കീഴിൽ വൈദ്യുതി കണക്ഷനുവേണ്ടി കാത്തിരിക്കുന്നവരുടെ എണ്ണം സെക്ഷൻ തിരിച്ചും കാറ്റഗറി തിരിച്ചും വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഏത് കാലയളവ് വരെയാണ് കണക്ഷൻ നൽകി വരുന്നത് ;

(സി) പ്രസ്തുത അപേക്ഷകൾക്ക് വൈദ്യുത കണക്ഷൻ നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു. †

(ബി) 1-1-2001 മുതലുള്ള പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും 1-8-2005 മുതലുള്ള പോസ്റ്റ് ആവശ്യമില്ലാത്ത കണക്ഷനുകളും നൽകാനുണ്ട്.

(സി) സ്വീകരിച്ചു വരുന്നു.

വെള്ളാങ്ങല്ലൂർ, അന്നമനട സബ് സ്റ്റേഷനുകൾ

86 [1208] ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ വെള്ളാങ്ങല്ലൂർ 33 കെ.വി. സബ് സ്റ്റേഷൻ ഈ വർഷം ഉദ്ഘാടനം ചെയ്യാൻ കഴിയുമോ ; അടിയന്തിരമായി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തുവാൻ നടപടി സ്വീകരിക്കാമോ ;

(ബി) മാള നിയോജകമണ്ഡലത്തിലെ അന്നമനട 33 കെ.വി. സബ് സ്റ്റേഷൻ ഈ വർഷം പൂർത്തീകരിക്കുവാൻ കഴിയുമോ ; എന്നത്തേക്ക് ഉദ്ഘാടനം നടത്തുവാൻ കഴിയും എന്ന് അറിയിക്കാമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly